നിങ്ങളിലൊരാൾ മരണപ്പെട്ടാൽ പ്രഭാതത്തിലും
പ്രദോഷത്തിലും അവൻ്റെ സ്ഥാനം അവന്
കാണിക്കപ്പെടുന്നതാണ്
അബ്ദുല്ലാഹി ബ്നു ഉമർ -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "നിങ്ങളിലൊരാൾ
മരണപ്പെട്ടാൽ പ്രഭാതത്തിലും പ്രദോഷത്തിലും അവൻ്റെ സ്ഥാനം അവന്
കാണിക്കപ്പെടുന്നതാണ്. സ്വർഗക്കാരിൽ പെട്ടവനാണെങ്കിൽ സ്വർഗക്കാരിൽ നിന്നുള്ളതും,
നരകക്കാരിൽ പെട്ടവനാണെങ്കിൽ നരകക്കാരിൽ നിന്നുള്ളതും (കാണിക്കപ്പെടും). അവനോട്
പറയപ്പെടും: ഇതാകുന്നു നിനക്ക് (ലഭിക്കാനുള്ള) സ്ഥാനം; അന്ത്യനാളിൽ നിന്നെ അല്ലാഹു
ഉയിർത്തെഴുന്നേൽപ്പിക്കുന്നത് വരെ."
[صحيح] [متفق عليه]
നബി -صلى الله عليه وسلم- അറിയിക്കുന്നു: ഒരു മനുഷ്യൻ മരിച്ചാൽ, അവന് (പരലോകത്ത്) നൽകപ്പെടാനിരിക്കുന്ന
സ്ഥാനം പ്രഭാതത്തിലും പ്രദോഷത്തിലും അവന്ന് കാണിക്കപ്പെടുന്നതാണ്. അവൻ
സ്വർഗവാസിയാണെങ്കിൽ അവന്റെ സ്വർഗത്തിലുള്ള സ്ഥാനവും, നരകവാസിയാണെങ്കിൽ നരകത്തിലുള്ള
അവൻ്റെ സ്ഥാനവും കാണിക്കപ്പെടും; അവനോട് ഇപ്രകാരം പറയപ്പെടുകയും ചെയ്യും: ഇതാണ്
നിന്റെ സ്ഥാനം; ഇവിടേക്കാണ് നീ ഉയിർത്തെഴുന്നേൽപ്പിൻ്റെ ദിവസം പുനരുജ്ജീവിക്കപ്പെടുക.
ഇത് (അല്ലാഹുവിലും അവൻ്റെ റസൂലിലും റസൂലിലും) വിശ്വസിച്ചവർക്ക് ആശ്വാസവും സന്തോഷവും
നൽകുന്നതാണ്; എന്നാൽ നിഷേധികൾക്ക് ഇത് ശിക്ഷയും വേദനയുമാണ് നൽകുക.
https://sunnah.global/hadeeth/ml/show/11210